# Malayala Manorama

## 19 August 2018

## Perumbavoor, MC Road Washed away

# എംസി റോഡ് ഒലിച്ചു പോയി

പെരുമ്പാവൂർ • എംസി റോഡിൽ വല്ലം പാലത്തിനു സമീപം വെള്ളമിറങ്ങിയപ്പോൾ കണ്ടത് ഒലിച്ചു പോയ റോഡ്. അതിശക്തമായ ഒഴുക്കിലാണ് റോഡ് 50 മീറ്ററോളം ഒലിച്ചു പോയത്. ഇതോടെ എംസി റോഡിൽ ചരക്കു വാഹനങ്ങൾ അടക്കം കുടുങ്ങി. രക്ഷാപ്രവർത്തനത്തിനായി വല്ലം, ചേലാമറ്റം, താന്നിപ്പുഴ ഭാഗങ്ങളിലേക്കു പോകുന്ന വാഹനങ്ങൾ മാത്രമാണ് കടത്തി വിടുന്നത്.

വ്യാഴാഴ്ചയാണ് വല്ലം പാലത്തിൽ വെള്ളം കയറിയത്. പാലത്തിന്റെ വടക്കുഭാഗത്ത് ഏറ്റവും മുകളിലുള്ള ടാർ .ഭാഗമാണ് ഒലിച്ചു പോയത്. പെരുമ്പാവൂർ, മൂവാറ്റുപുഴ ഭാഗങ്ങളിൽ നിന്നുള്ള ചരക്കു വാഹനങ്ങൾ പൊലീസ് റോഡരികിൽ തടഞ്ഞിട്ടു. വലിയ വാഹനങ്ങളും കടത്തി വിടുന്നില്ല.




എംസി റോഡിൽ വല്ലം പാലത്തിനു സമീപം റോഡിന്റെ മുകൾ ഭാഗം തകർന്ന് ഒലിച്ചു പോയ നിലയിൽ.